9044
2/5/18

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - പാലക്കാട് ഡിവിഷൻ - വാളയാർ റെയിഞ്ച് ഒ.ആർ.20/94 നമ്പർ കേസ്സുമായി ബന്ധപ്പെട്ട് TN 27 Z 2891 ലോറിയുടെ 2/95 നമ്പർ ബാങ്ക് ഗ്യാരണ്ടി പുതുക്കുന്നതിൽ വീഴ്ച വരുത്തിയത് - സർവ്വശ്രീ. കെ. വേലായുധൻ കുട്ടി, ജൂനിയർ സൂപ്രണ്ട് (റിട്ട), എം. നൂഹകണ്ണ്, മാനേജർ (റിട്ട), മരണപ്പെട്ട ആർ. രാമചന്ദ്ര കാരണവർ, ഹെഡ് അക്കൗണ്ടന്റ് (റിട്ട. ) എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി - കുറ്റവിമുക്തരാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം./199/2018/വനം    തീയതി, തിരുവനന്തപുരം, 27/04/2018

---

പരാമർശം:-

1. 28.06.2012 ലെ ബി5-8666/2012-ാം നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
2. 10.08.2012-ൽ ശ്രീ.കെ.വേലായുധൻകുട്ടി, ജൂനിയർ സൂപ്രണ്ട് സമർപ്പിച്ച പ്രതിവാദപത്രിക.
3. 30.08.2013 ലെ ഡി&പി വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ ബി5-8666/2012 നമ്പർ ഉത്തരവ്.
4. 19.08.2014 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസിന്റെ (ഡി&പി) ബി5-8666/12 നമ്പർ കത്ത്.
5. 11.06.2015 ലെ 10740/എ1/2014/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
6. 23.09.2015 തീയതിയായി ശ്രീ. ആർ.

രാമചന്ദ്രകാരണവർ. ഹെഡ് അക്കൗണ്ടന്റ് (റിട്ട.), 10.10.2015, 04.01.2016, 12.02.2016 എന്നീ തീയതികളിലായി ശ്രീ. എം. നൂഹകണ്ണ്, മാനേജർ (റിട്ട.), 14.09.2015 തീയതിയായി ശ്രീ.കെ.വേലായുധൻ കുട്ടി, ജൂനിയർ സൂപ്രണ്ട് (റിട്ട.), എന്നിവർ സമർപ്പിച്ച വിശദീകരണം.

7. 12.03.2018 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ (ഭരണം) ബി5-8666/2012 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ഡിവിഷിലെ വാളയാർ റെയിഞ്ച് പരിധിയിൽ അനധികൃതമായി ചന്ദനമര കഷണങ്ങൾ TN-27-Z-2891 നമ്പർ ലോറിയിൽ കയറ്റിക്കൊണ്ടുപോകവേ 28.03.1994-ന് പോലീസ് പിടിച്ചെടുത്തത് സംബന്ധിച്ച് വാളയാർ റെയിഞ്ചിൽ ഒ.ആർ. 20/94 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിരുന്നു. ടി ലോറിയുടെ ഗ്യാരണ്ടി പുതുക്കുന്നതിൽ വീഴ്ച വരുത്തിയതിന് അന്നത്തെ സെക്ഷൻ ക്ലാർക്ക് ആയിരുന്ന ശ്രീ.കെ.വേലായുധൻ കുട്ടിയ്ക്ക് കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രവും കുറ്റാരോപണ പത്രികയും ഡി&പി വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (1) പ്രകാരം നൽകി.

2) കുറ്റപത്രത്തിനും, കുറ്റാരോപണപത്രികയ്ക്കും ശ്രീ.കെ. വേലായുധൻ കുട്ടി പരാമർ ശം ( 2 ) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചു. തുടർന്ന് ടി വിഷയത്തിൽ പരാമർശം ( 3 ) പ്രകാരം ഉത്തരവായ ഔപചാരികാന്വേഷണത്തിൽ, സർക്കാരിലേയ്ക്ക് 2,00,000/- രൂപ (രണ്ടു ലക്ഷം രൂപ) ലഭിക്കേണ്ടിയിരുന്നതായ

ബാങ്ക് ഗ്യാരണ്ടി പുതുക്കേണ്ട കാര്യം വളരെയധികം ശ്രദ്ധയോടെയും ജാഗ്രതയോടെയും കൈകാര്യം ചെയ്യേണ്ടതായിരുന്നു എന്നും അതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതിൽ അന്നത്തെ മാനേജർ, ജൂനിയർ സൂപ്രണ്ട്, സെക്ഷൻ ക്ലാർക്ക് എന്നിവർക്ക് തുല്യമായ ഉത്തരവാദിത്വമുണ്ടായിരുന്നുവെന്നും കണ്ടെത്തി.

3) സർവ്വശ്രീ.കെ.വേലായുധൻകുട്ടി, ജൂനിയർ സൂപ്രണ്ട്(റിട്ട.), സൂപ്പർവൈസറി ഉദ്യോഗസ്ഥരായ എം. നൂഹകണ്ണ്, മാനേജർ (റിട്ട.), ആർ.രാമചന്ദ്ര കാരണവർ, ഹെഡ് അക്കൗണ്ടന്റ് (റിട്ട. ) എന്നിവർ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ടിയാന്മാർക്കെതിരെ അച്ചടക്ക നടപടി സർക്കാരിൽ നിന്നും സ്വീകരിക്കുന്നതിനായി ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (4) പ്രകാരം ശുപാർശ സമർപ്പിച്ചു.

4) പ്രസ്തുത ശുപാർശ അംഗീകരിച്ച് സർക്കാർ നഷ്ടമായ 2,00,000/-(രണ്ടു ലക്ഷം രൂപ) രൂപയുടെ ആനുപാതിക വിഹിതമായ 66,667/- രൂപ (അറുപത്താറായിരത്തി അറുനൂറ്റി അറുപത്തിയേഴ് രൂപ) റിട്ടയേർഡ് ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ.കെ.വേലായുധൻകുട്ടിയുടെ ഡി.സി.ആർ.ജിയിൽ നിന്നും കെ.എസ്.ആർ.ഭാഗം മൂന്ന് ചട്ടം മൂന്ന് പ്രകാരം ഈടാക്കുന്നതിനും, ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ (ഇരുനൂറു രൂപ മാത്രം) 2 വർഷത്തേയ്ക്ക് കെ.എസ്.ആർ.ഭാഗം മൂന്ന് ചട്ടം മൂന്ന് പ്രകാരം കുറവു ചെയ്യുന്നതിനും സർവ്വശ്രീ. എം. നൂഹകണ്ണ് മാനേജർ (റിട്ട) , ആർ.രാമചന്ദ്ര കാരണവർ, ഹെഡ് അക്കൗണ്ടന്റ് (റിട്ട) എന്നിവരിൽ നിന്നും സർക്കാർ നഷ്ടത്തിന്റെ വിഹിതമായ 66,667/- രൂപ (അറുപത്താറായിരത്തി അറുനൂറ്റി അറുപത്തിയേഴ് രൂപ) വീതം കെ.എസ്.ആർ.ഭാഗം മൂന്നിലെ ചട്ടം 116 പ്രകാരം സിവിൽ സ്യൂട്ട്

ഫയൽ ചെയ്ത് ഈടാക്കുന്നതിനും, ടിയാന്മാരുടെ പ്രതിമാസ പെൻഷനിൽ നിന്നും 100/- രൂപ (നൂറു രൂപ മാത്രം) വീതം കെ.എസ്.ആർ.ഭാഗം മൂന്ന് ചട്ടം 59(ബി) പ്രകാരം കുറവു ചെയ്യുന്നതിനും തീരുമാനിച്ച് പരാമർശം ( 5 ) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി. കാരണം കാണിക്കൽ നോട്ടീസിന് കുറ്റാരോപിതർ പരാമർശം (6) പ്രകാരം വിശദീകരണം സമർപ്പിച്ചു.

5) സ്വാഭാവിക നീതി ഉറപ്പാക്കുന്നതിന്റെ ഭാഗമായി കുറ്റാരോപിതരെ 15.12.2017ന് നേരിൽ കേട്ടു. ഹിയറിംഗിൽ സർവ്വശ്രീ.കെ.വേലായുധൻകുട്ടി, ജൂനിയർ സൂപ്രണ്ട് (റിട്ട.) , എം. നൂഹകണ്ണ്, മാനേജർ (റിട്ട.)എന്നിവർ പങ്കെടുക്കുകയും കാരണം കാണിക്കൽ നോട്ടീസിന് സമർപ്പിച്ച വിശദീകരണത്തിലെ വാദങ്ങൾ തന്നെ ആവർത്തിക്കുകയും ചെയ്തു. ബാങ്ക് ഗ്യാരണ്ടി സംബന്ധിച്ച ഫയൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിക്കുകയും ഡെസ്പാച്ച് ചെയ്യാൻ ബന്ധപ്പെട്ട ക്ലാർക്കിന് നൽകിയിരുന്നെന്നും ഡെസ്പാച്ച്ക്ലാർക്കിന് വന്ന വീഴ്ചക്ക് തന്നെ കുറ്റക്കാരനാക്കി ശിക്ഷണനടപടി സ്വീകരിക്കരുതെന്നും ശ്രീ. കെ. വേലായുധൻകുട്ടി അഭ്യർത്ഥിച്ചു. വനനിയമങ്ങൾ ലംഘിച്ചതിന് വാഹന ഉടമയിൽ നിന്നും 2,50,000/- രൂപ കണ്ടുകെട്ടിയതിനാൽ സർക്കാർ നഷ്ടം വന്നിട്ടുമില്ല. ഈ വിഷയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ കൃത്യമായും അറിയിച്ചിരുന്നുവെന്നും സൂപ്പർവൈസറി ലാപ്സ് വന്നിട്ടില്ലെന്നും, വിരമിച്ച് 18 വർഷമായ തന്നെ പൂർണമായും കുറ്റവിമുക്തനാക്കണമെന്നും ശ്രീ. എം. നൂഹകണ്ണ്, അഭ്യർത്ഥിച്ചു.

6 ) ആർ.രാമചന്ദ്ര കാരണവർ, ഹെഡ് അക്കൗണ്ടന്റ് (റിട്ട.) 28.7.2017 ൽ മരണപ്പെട്ടതായും ബാങ്ക് ഗ്യാരണ്ടി പുതുക്കി നൽകുന്നതിൽ ജീവനക്കാരുടെ ഭാഗത്തുനിന്നും

വീഴ്ചയുണ്ടായിട്ടുണ്ടെങ്കിലും കുറ്റാരോപിതരെല്ലാം വിരമിച്ച് വളരെയധികം കാലം കഴിഞ്ഞതിനാലും വാഹനത്തിന്റെ മതിപ്പുവിലയായ2.50.000/-രൂപ സർക്കാരിലേക്ക് മുതൽ കൂട്ടിയിട്ടുള്ളതിനാലും കുറ്റാരോപിതർക്കെതിരെ അച്ചടക്കനടപടി ഉപേക്ഷിക്കുന്നതിന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (7) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

7) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. ഈ കേസിൽ നഷ്ടം സംഭവിച്ചു എന്ന വസ്തുത മുൻ നിർത്തിയാണ് അച്ചടക്കനടപടി ആരംഭിച്ചത്. ഒ.ആർ.20/94 നമ്പർ കേസിൽ പിടിച്ചെടുത്ത TN-27-Z-2891 നമ്പർ ലോറിയുടെ മതിപ്പുവിലയായ 2,50,000/- രൂപ സർക്കാരിലേക്ക് മുതൽ കൂട്ടിയിട്ടുണ്ട്. ബാങ്ക് ഗ്യാരണ്ടി പുതുക്കി നൽകുന്നതിൽ ജീവനക്കാരുടെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായിട്ടുണ്ടെങ്കിലും സർക്കാർ നഷ്ടം വന്നിട്ടില്ലാത്ത സാഹചര്യത്തിൽ ദയാപരമായ സമീപനം സ്വീകരിച്ച് സർവ്വശ്രീ. കെ. വേലായുധൻകുട്ടി, ജൂനിയർ സൂപ്രണ്ട് (റിട്ട.), എം. നൂഹുകണ്ണ്, മാനേജർ (റിട്ട.) മരണപ്പെട്ട ആർ. രാമചന്ദ്ര കാരണവർ, ഹെഡ് അക്കൗണ്ടന്റ് (റിട്ട.) എന്നിവർക്കെതിരെ പരാമർശം (5) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ നിന്നും കുറ്റവിമുക്തരാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
NAZARUDEEN A
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.കെ.വേലായുധൻകുട്ടി, ജൂനിയർ സൂപ്രണ്ട് (റിട്ട.),

ശ്രീ.എം.നൂഹുകണ്ണ്, മാനേജർ (റിട്ട.)

മരണപ്പെട്ട ആർ.രാമചന്ദ്ര കാരണവർ, ഹെഡ് അക്കൗണ്ടന്റ് (റിട്ട.)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) , കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ